## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4718

18.12..2014 -ൽ മറുപടിയ്ക്ക്

### സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ബോർഡ് ഓഫ് ഗവർണേഴ്സ് നിയമനം

| *ചോദ്യം*<br>**ശ്രീ.ആർ.സെൽവരാജ്** | *ഉത്തരം*<br>**ശ്രീ. പി.കെ.അബ്ദു റബ്ബ്**<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ബോർഡ് ഓഫ് ഗവർണേഴ്സ്-ൽ സർക്കാർ നോമിനിയായി ആരെയാണ് നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) G.O. (Rt) No. 1722/11/H.Edn. തീയതി 25-10-2011 പ്രകാരം ഉന്നത വിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറി ശ്രീ.എം.ഷെരീഫിനെയാണ് നിയമിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) വിദ്യാഭ്യാസ വകുപ്പിൽ എത്ര ജോയിന്റ് സെക്രട്ടറിമാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഓഫീസർമാരുടെ പേര് വിവരം ലഭ്യമാക്കാമോ ; | (ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഒരു ജോയിന്റ് സെക്രട്ടറിയാണ് ഉള്ളത് ശ്രീമതി.ആർ.പത്മജ. ടിയാൾ അച്ചടി വകുപ്പിന്റെ ചുമതലയാണ് നിർവ്വഹിക്കുന്നത്. |

| | |
|---|---|
| (സി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഒരു ജോയിന്റ് സെക്രട്ടറിയെ ബോർഡ് ഓഫ് ഗവർണേഴ്സ്-ൽ സർക്കാർ നോമിനിയായി നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ.എം.ഷെറീഫ് ഇപ്പോഴും ബോർഡിൽ തുടരുന്നത് എങ്ങനെയെന്ന് വ്യക്ത മാക്കാമോ; | (സി) ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന് ബോർഡ് ഓഫ് ഗവർണേഴ്സിൽ പങ്കെടുക്കാവുന്നതാണ്. |
| (ഡി) ഇപ്പോൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ അഡീഷണൽ സെക്രട്ടറിയായി ജോലി നോക്കുന്ന ശ്രീ.എം.ഷെറീഫ് സെക്രട്ടേറിയറ്റിൽ എന്നാണ് സർവ്വീസിൽ പ്രവേശിച്ച തെന്നും, വിദ്യാഭ്യാസ വകുപ്പിൽ ടിയാൻ എത്ര കാലമായി വിവിധ തസ്തികകളിലായി ജോലി നോക്കി വരുന്നു എന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ഡി) ഇപ്പോൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ അഡീഷണൽ സെക്രട്ടറിയായി ജോലി നോക്കുന്ന ശ്രീ.എം.ഷെറീഫ് 24-11-1986 -ൽ ആണ് സെക്രട്ടറിയേറ്റിൽ ജോലിയിൽ പ്രവേശിച്ചത്. ടിയാൻ 01-01-2008-ൽ അണ്ടർ സെക്രട്ടറിയായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിയമിതനായി. ഡെപ്യൂട്ടി സെക്രട്ടറിയായി ഉദ്യോഗക്കയറ്റം ലഭിച്ച തിനെത്തുടർന്ന് ആരോഗ്യ- കുടുംബക്ഷേമ വകുപ്പിലേയ്ക്ക് മാറ്റുകയുണ്ടായി. ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ച ടിയാൻ ആരോഗ്യവകുപ്പിൽ തുടരുക യുണ്ടായി. 24-06-2011-ൽ ജോയിന്റ് സെക്രട്ടറിയായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിയമിതനായി. 31-10-2012-ൽ അഡീഷണൽ സെക്രട്ടറിയായ ടിയാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ തുടരുന്നു. |

(ഇ) തുടർച്ചയായി വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകളിൽ ജോലി നോക്കി വരുന്ന ശ്രീ.എം.ഷെറീഫ് നിലവിൽ അഡീഷണൽ സെക്രട്ടറിയുടെ ചുമതല കൂടാതെ മറ്റേതെങ്കിലും ചുമതലയോ, ചാർജോ വഹിക്കുന്നതായി അറിവുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ശ്രീ.എം.ഷെറീഫ് തുടർച്ചയായി വിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കിയിട്ടില്ല. ടിയാൻ, പാലക്കാട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) യുടെ സ്പെഷ്യൽ ഓഫീസർ ആണ്

(എഫ്) ഔദ്യോഗിക ആവശ്യത്തിനായി ശ്രീ.എം.ഷെറീഫ് കഴിഞ്ഞ 10 വർഷത്തിനിടയിൽ എത്ര പ്രാവശ്യം സംസ്ഥാനത്തിനോ ഇന്ത്യക്കോ പുറത്തു പോയിട്ടുണ്ടോ എന്നും എത്ര പ്രാവശ്യം എന്ത് ആവശ്യത്തിനാണ് പോയതെന്നും അറിവുണ്ടോ ; എങ്കിൽ ഇനം തിരിച്ച് വ്യക്തമാക്കാമോ; ടിയാന് യാത്രാ ആവശ്യങ്ങൾക്കായി ഔദ്യോഗിക പാസ്പോർട്ട് നൽകിയിരുന്നോ ; എങ്കിൽ പ്രസ്തുത പാസ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എഫ്) ഔദ്യോഗിക ആവശ്യത്തിനായി കഴിഞ്ഞ 10 വർഷത്തിനിടയിൽ രണ്ട് പ്രാവശ്യം ഡൽഹിയിലേയ്ക്കും, ഒരു പ്രാവശ്യം ലക്ഷദ്വീപിലേയ്ക്കും, 4 പ്രാവശ്യം ദുബായിലേയ്ക്കും പോയിട്ടുണ്ട്. Red Cross State Administrator എന്ന നിലയിൽ Indian Red Cross Society കേരള ഘടകത്തിന്റേയും IIT യുടേയും ആവശ്യങ്ങൾക്കായാണ് ഡൽഹിയാത്ര നടത്തിയത്. LBS ന്റെ ആഭിമുഖ്യത്തിൽ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന് വേണ്ടി നടത്തിയ പരീക്ഷയുടെ മേൽനോട്ടത്തിന് വേണ്ടിയാണ് ലക്ഷദ്വീപിലേയ്ക്ക് യാത്ര നടത്തിയത്. എൻട്രൻസ് സംബന്ധിച്ച കാര്യത്തിനായാണ് ദുബായിലേയ്ക്ക് യാത്ര നടത്തിയത്. ഔദ്യോഗിക ആവശ്യത്തിനായി ടിയാന് ഔദ്യോഗിക പാസ്പോർട്ട് നൽകിയിരുന്നു.

Rao

*സെക്ഷൻ ഓഫീസർ*

ഭരണവിഭാഗം

# GOVERNMENT OF KERALA

## Abstract

Higher Education - Technical - Nomination of Sri.M.Sherif, Joint Secretary, Higher Education Department for the Board of Governors of Private Self-financing Colleges - Sanctioned - Orders issued.

---

## HIGHER EDUCATION (J) DEPARTMENT

**G.O.(Rt.) No. 1722/11/H.Edn. Thiruvananthapuram, Dated 25/10/2011**

*Read*:- 1) G.O.(Rt) No. 1345/11/H.Edn. dated 26-08-2011.
2) Letter TIST/GB/16938/2010-2011 dated 14-10-2011 from the Director, Toc.H. Institute of Science & Technology, Arakkunnam, Ernakulam.

## ORDER

As per AICTE norms, Governing Body of Self-financing Engineering Colleges has to be convened annually. The Governing Body of each college should consist nominee from Government, University, AICTE, Industrialist etc.

In this circumstances Government are pleased to nominate Sri.M.Sherif, Joint Secretary to Government, Higher Education Department as Government nominee in the Board of Governors meeting of Private Self-Financing Engineering and Management Colleges in the State. All the Self-financing Colleges in the State are directed to abide by the AICTE norms in convening Governing Body meeting. TA/DA should be met by the concerned institution in this regard.

(By Order of the Governor)
T.J. VARKEY
UNDER SECRETARY TO GOVERNMENT

To

1. The Director of Technical Education, Thiruvananthapuram. (She is requested to inform the matter to all the Private Self-financing Engineering Colleges concerned)
2. Sri.M.Sherif, Joint Secretary to Government, Higher Education Department, Government Secretariat, Thiruvananthapuram
3. Stock File/Office Copy.

Copy to:-

Private Secretary to Minister (Education)
P.A. to Principal Secretary (Higher Education Department)

Forwarded/By Order

SECTION OFFICER

55.27.05.11

Recd